# Athmaraksha.org

മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

## വല്ലാർപാടത്തമ്മ ആ പ്രാർത്ഥന കേട്ടു; മൂന്നാം നാൾ കായലിൽ നിന്ന് ജീവനോടെ...



പള്ളിയിൽ വീട്ടിലെ മീനാക്ഷിയമ്മ കുഞ്ഞിന് ചോറൂട്ട് കർമ്മം നടത്തുന്നതിനായി ബന്ധുക്കൾക്കൊപ്പം മട്ടാഞ്ചേരിയിലേക്ക് വഞ്ചിയിൽ യാത്ര ചെയ്യുകയായിരുന്നു . സമയം നാലുമണി കഴിഞ്ഞിരുന്നു വഞ്ചി രാമൻതുരുത്ത് തെക്കുപടിഞ്ഞാറ് എത്തിയപ്പോഴേക്കും പ്രകൃതിയുടെ മട്ടും ഭാവവും മാറി. ശക്തമായ കാറ്റിൽ വഞ്ചി ആടിയുലഞ്ഞു. വഞ്ചിയിൽ നിലവിളികൾ ഉയർന്നു. അതിനും മീതെയെന്നോണം ഓളങ്ങൾ ഉയർന്നു. അടുത്ത നിമിഷം വഞ്ചി തലകീഴായ് മറിഞ്ഞു. കായലിലേക്ക് പതിയുന്നതിന് മുമ്പ് മീനാക്ഷിയമ്മയുടെ അധരങ്ങളിൽ നിന്ന് ഒരു നിലവിളി ഉയർന്നു.

വല്ലാർപാടത്തമ്മേ രക്ഷിക്കണേ...വഞ്ചിയിലുണ്ടായിരുന്ന എല്ലാവരും ഏതൊക്കെയോ വിധത്തിൽ രക്ഷപ്പെട്ടു. മീനാക്ഷിയമ്മയെയും കുഞ്ഞിനെയും മാത്രം കണ്ടില്ല. പ്രതികൂലമായ കാലാവസ്ഥ കണക്കിലെടുത്ത് കൂടുതൽ അന്വേഷണം നടത്താൻ ആളുകൾക്ക് കഴിഞ്ഞില്ല. അന്നരാത്രി വല്ലാർപാടം പള്ളി വികാരി ഫാ. മിഗ്വേൽ കൊറയ്ക്ക് ഒരു സ്വപ്നമുണ്ടായി. വല്ലാർപാടത്തമ്മ മുമ്പിൽ വന്ന് നിന്ന് പറയുന്നു മീനാക്ഷിയെയും കുഞ്ഞിനെയും രക്ഷിക്കണം. വെറും സ്വപ്നമെന്ന് കരുതി അതിനെ അച്ചൻ അവഗണിക്കുകയാണ് ചെയ്തത്.

പിറ്റേന്ന് കായലിൽ മീനാക്ഷിയമ്മയ്ക്കും കുഞ്ഞിനും വേണ്ടിയുള്ള തിരച്ചിൽ ആരംഭിച്ചു. പക്ഷേ അപ്പോഴും മൃതദേഹം പോലും കിട്ടിയില്ല. അന്നരാത്രിയും വികാരിയച്ചന് വല്ലാർപാടത്തമ്മയുടെ ദർശനമുണ്ടായി. അമ്മ ആവശ്യപ്പെട്ടത് അതേ കാര്യം തന്നെ. മീനാക്ഷിയമ്മയേയും കുഞ്ഞിനെയും രക്ഷിക്കണം. പിന്നെ അച്ചന് ഉറങ്ങാൻ കഴിഞ്ഞില്ല. പിറ്റേന്ന് ദിവ്യബലിക്കിടെ അച്ചൻ താൻ കണ്ട സ്വപ്നത്തെക്കുറിച്ച് വിശ്വാസികളോട് പറഞ്ഞു. ഈ വാക്കിനെ അനുസരിച്ച് ആളുകൾ വലയും വഞ്ചിയുമായി കായലിന്റെ വിവിധ ഭാഗങ്ങളിലേക്ക് പാഞ്ഞു. എല്ലാവരും കരുതിയത് മൃതദേഹം എങ്കിലും കിട്ടുമല്ലോ എന്നാണ്. പക്ഷേ മൃതദേഹവും കിട്ടിയില്ല. നിരാശരായി തിരികെ പോകും നേരത്ത് ഒരു കൂട്ടർ വഞ്ചിമറിഞ്ഞ ഭാഗത്ത് ഒരിക്കൽ കൂടി വലയെറിഞ്ഞു. വല വലിച്ച് കയറ്റാൻ സാധിക്കാത്തവിധത്തിലുള്ള ഭാരം അവർക്ക് അനുഭവപ്പെട്ടു.

അവർ സർവ്വശക്തിയും ഉപയോഗിച്ച് വല വലിച്ചു അപ്പോഴതാ വലയിൽ  മീനാക്ഷിയമ്മയും കുഞ്ഞും. അതും ജീവനോടെ. എന്തൊരു അത്ഭുതം! വല്ലാർപാടത്തമ്മേ എന്ന് അവർ വിളിച്ചുപോയി. കരയ്ക്കെത്തിയ മീനാക്ഷിയമ്മ കുഞ്ഞിനെയും  എടുത്ത് കരഞ്ഞുകൊണ്ട് പള്ളിയിലേക്കാണ് ആദ്യം ഓടിയത്. വല്ലാർപാടത്തമ്മയുടെ മുമ്പിൽ സാഷ്ടാംഗം വീണ് മീനാക്ഷിയമ്മ അമ്മയ്ക്ക് നന്ദിയർപ്പിച്ചു. മീനാക്ഷിയമ്മയും കുഞ്ഞും മൂന്നുദിവസം കായലിൽ കഴിഞ്ഞിട്ടും ജീവനോടെ രക്ഷപെട്ടു എന്ന വിവരമറിഞ്ഞ് പള്ളിയിലേക്ക് ആളുകൾ കൂട്ടം കൂട്ടമായെത്തി.

അവരോട് മീനാക്ഷിയമ്മ ആ അത്ഭുതം പറഞ്ഞു. കായലിലേക്ക് മറിഞ്ഞപ്പോൾ മീനാക്ഷിയമ്മ വല്ലാർപാടത്തമ്മേ എന്നാണല്ലോ വിളിച്ചത്.  ജീവനോടെയിരുന്നാൽ അമ്മയ്ക്ക് ഞാനും കുഞ്ഞും അടിമയായി കഴിഞ്ഞുകൊള്ളാം എന്നും കാറ്റിലും കോളിലും ആടിയുലയുന്ന വഞ്ചിയിലിരുന്ന്  മീനാക്ഷിയമ്മ നേർച്ച നേർന്നിരുന്നു. അടുത്ത നിമിഷമാണത്രെ വഞ്ചി മറിഞ്ഞത്. പിന്നെ വെള്ളത്തിൽ വച്ച് അത്യുത്ഭുതകരമായ ഒരു കാഴ്ച മീനാക്ഷിയമ്മ കണ്ടു. മനോഹരമായ ഒരു പൂന്തോട്ടം അതിന്റെ നടുവിൽ സുന്ദരിയായ ഒരമ്മ മകനേയും കൈയിലെടുത്തുപിടിച്ചു നിൽക്കുന്നു. ആ അമ്മയുടെ നോട്ടം മീനാക്ഷിയിലും കുഞ്ഞിന്റെ നോട്ടം മീനാക്ഷിയമ്മയുടെ കുഞ്ഞിലുമായി.  അത് വല്ലാർപാടത്തമ്മയായിരുന്നു. ഞങ്ങളെ രക്ഷിച്ചത് വല്ലാർപാടത്തമ്മയാണ്. ഇനിയെന്നും ഞങ്ങൾ വല്ലാർപാടത്തമ്മയുടെ അടിമകളായിരിക്കും, മീനാക്ഷി പറഞ്ഞു.

വല്ലാർപാടത്തമ്മേ ഞങ്ങൾക്കുവേണ്ടി എന്നും അപേക്ഷിക്കണേ.